# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 749 — 05.02.2020-ൽ മറുപടിക്ക്

## ജനനി ജന്മരക്ഷ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.സി. ജോർജ് : | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | അട്ടപ്പാടിയിലെ ശിശു മരണ നിരക്ക് കുറയ്ക്കുന്നതിലേക്കായി എന്തെല്ലാം നടപടികളാണ് വിവിധ വകുപ്പുകൾ വഴി സ്വീകരിച്ചു വരുന്നത്; വിശദമാക്കുമോ; | എ) | തൂക്കക്കുറവോടു കൂടി ജനിക്കുന്ന കുഞ്ഞുങ്ങളാണ് പ്രധാനമായും മരണപ്പെട്ടിരുന്നത്. ഇത്തരം കുഞ്ഞുങ്ങൾക്ക് ജന്മനാലോ പിന്നീടോ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടായിരുന്നതായി മരണം സംബന്ധിച്ച റിപ്പോർട്ടുകളിൽ ആരോഗ്യ വകുപ്പ് വ്യക്തമാക്കിയിട്ടുണ്ട്. വീടുകളിൽ നടന്നിരുന്ന പ്രസവം, കുടുംബത്തിൽ നിന്നും പ്രസവപരിചരണം ലഭിക്കാതിരുന്നത്, ചികിത്സാ വൈമുഖ്യം, വാഹന സൗകര്യത്തിന്റെ അഭാവം, മുലയൂട്ടുമ്പോൾ അനുഭവപ്പെട്ട ശ്വാസതടസം തുടങ്ങിയവയായിരുന്നു പ്രധാന മരണ കാരണങ്ങൾ. സർക്കാർ വകുപ്പുകളുടെ നിരന്തര ഇടപെടൽ നിമിത്തം ഇത്തരം കാരണങ്ങൾക്ക് പരിഹാരം കണ്ടെത്തി മരണനിരക്ക് കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്.<br><br>ആദിവാസി ശിശുമരണങ്ങൾ ഒഴിവാക്കുന്നതിനും സമഗ്ര ആരോഗ്യ സംരക്ഷണത്തിനുമായി വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപനത്തോടെ ക്ഷേമ പദ്ധതികൾ നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും സാമൂഹ്യനീതി, ആരോഗ്യം, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകൾ മുഖേനയും സർക്കാരിന്റെ മറ്റ് ഏജൻസികൾ മുഖേനയുമാണ് പ്രധാനമായും പദ്ധതികൾ നടപ്പിലാക്കി വരുന്നത്. പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>• ഗർഭിണികളുടെയും, മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിന് ജനനി ജന്മരക്ഷാ പദ്ധതി.<br>• സൗജന്യ ചികിത്സ ഉറപ്പു വരുത്തുന്നതിന് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി. |

- സിക്കിൾസെൽ അനീമിയ രോഗികൾക്ക് സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതി.
- അട്ടപ്പാടിയിൽ പാചകം ചെയ്ത ഭക്ഷണം നൽകുന്ന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി.
- വനിതാ ശിശുവികസന വകുപ്പിനു കീഴിൽ കുട്ടികൾക്കും കൗമാരപ്രായക്കാരായ പെൺകുട്ടി കൾക്കും പോഷകാഹാര വിതരണം.
- പരമ്പരാഗത കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മില്ലെറ്റ് വില്ലേജ് പദ്ധതി.
- അലോപ്പതി ഒ.പി. ക്ലിനിക്കുകൾ, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ന്യൂട്രീഷ്യൻ റിഹാബിലിറ്റേഷൻ സെന്ററുകൾ.
- വർഷകാലത്തും പഞ്ഞമാസങ്ങളിലും ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി.

അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാരുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനായി സഹകരണ വകുപ്പിനു കീഴിൽ പെരിന്തൽമണ്ണ ഇ.എം.എസ് സഹകരണ ആശുപത്രിയുമായി ചേർന്ന് 12.50 കോടി രൂപ ചെലവിൽ സമഗ്ര ആരോഗ്യ സംരക്ഷണ പദ്ധതി നടപ്പിലാക്കുന്നു. അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാർക്ക് മെച്ചപ്പെട്ട സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ, ലബോറട്ടറി ഡയഗ്നോസ്റ്റിക് സൗകര്യങ്ങൾ എന്നിവ ഇ.എം.എസ് സഹകരണ ആശുപത്രിയിൽ നിന്നും ലഭ്യമാകുന്നു.

അട്ടപ്പാടിയിലെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിലവിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഉണ്ട്. കൂടാതെ 24 മണിക്കൂർ കാഷ്വാലിറ്റി-ലാബ്, മരുന്ന് വിതരണ സംവിധാനങ്ങളും ഐ.സി.യു സംവിധാനവും ഉണ്ട്. സ്കാനിംഗിനുള്ള സൗകര്യങ്ങൾ, ഓപ്പറേഷൻ തിയേറ്റർ, രക്തബാങ്ക് എന്നിവയും സ്പെഷ്യൽ ഒ.പി. ചികിത്സയും ഉണ്ട്. പ്രതിമാസ കുത്തിവെയ്പ്പ് നൽകൽ, നവജാത ശിശു സംരക്ഷണ സൗകര്യം, പാലിയേറ്റീവ് കെയർ യൂണിറ്റ്, ഡയാലിസിസ് യൂണിറ്റ്, സിക്കിൾസെൽ അനീമിയ ക്ലിനിക്, കൗൺസിലിംഗ്, മാനസികരോഗ, ക്ഷയരോഗ-അരിവാൾ രോഗ പുനരധിവാസ പദ്ധതികൾ എന്നിവയും മാരകരോഗങ്ങളുടെ സ്ക്രീനിംഗ് ടെസ്റ്റും ഈ ആശുപത്രിയിൽ നടത്തിവരുന്നു.

കോട്ടത്തറയിലെ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി, അഗളി സി.എച്ച്.സി, പുതൂർ, ആനക്കട്ടി പി.എച്ച്.സി.കൾ, 28 സബ് സെന്ററുകൾ തുടങ്ങിയവ യാണ് നിലവിൽ അട്ടപ്പാടിയിലെ ആരോഗ്യ കേന്ദ്രങ്ങൾ. ഇവിടങ്ങളിൽ പട്ടികവർഗ്ഗക്കാർക്ക് സൗജന്യ ചികിത്സ നൽകിവരുന്നു. കൂടാതെ ഐ.റ്റി.ഡി.പി ഓഫീസ് മുഖേനയും ചികിത്സാ ധനസഹായം നൽകിവരുന്നു. 2016-17-ൽ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് 1.81 കോടി രൂപ വകുപ്പിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

2019-20-ൽ അട്ടപ്പാടി മേഖലയിൽ നൽകിയ ഫണ്ടിന്റെ വിവരം ചുവടെ ചേർക്കുന്നു.

- ഗവൺമെന്റ് ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ (ജി.റ്റി.എസ്.എച്ച്) - 85 ലക്ഷം രൂപ
- ഐ.റ്റി.ഡി.പി.ക്ക് - 40 ലക്ഷം രൂപ
- സിക്കിൾസെൽ അനീമിയ ബാധിതർക്കുള്ള ധനസഹായം
  2019-20 - 140 രോഗികൾക്ക് 29 ലക്ഷം രൂപ
- ജനനി ജന്മരക്ഷ പദ്ധതി
  2019-20 - 460 വനിതകൾക്ക് 1.30 കോടി രൂപ

ആരോഗ്യ മേഖലയിൽ പട്ടികവർഗ്ഗ വികസന വകുപ്പും മറ്റു വകുപ്പുകളും സംയോജിച്ച് നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ ഫലമായി താഴെപ്പറയുന്ന നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്.

- അട്ടപ്പാടി മേഖലയിലെ ശിശുമരണനിരക്ക് 31 (2013) എന്നത് 7 (2019) എണ്ണമായി കുറഞ്ഞിട്ടുണ്ട്.

2013 മുതൽ ഇതുവരെ അട്ടപ്പാടിയിലുണ്ടായ ശിശു മരണങ്ങളുടെ എണ്ണം

| 2013 | 2014 | 2015 | 2016 | 2017 | 2018 | 2019 | 2020 |
|---|---|---|---|---|---|---|---|
| 31 | 15 | 14 | 8 | 14 | 13 | 7 | 1 |

- അബോർഷൻ കേസുകൾ 77 (2013) എന്നത് 21 (2019) ആയി കുറഞ്ഞിട്ടുണ്ട്.
- ഹോം ഡെലിവറി 64 (2013) ൽ നിന്ന് 3 (2019)

| | | | |
|---|---|---|---|
| | | | ആയി കുറഞ്ഞിട്ടുണ്ട്.<br>• ഇൻട്രാ യൂട്രിൻ ഡെത്ത് 18 (2013)ൽ നിന്ന് 2 (2019) ആയി കുറഞ്ഞിട്ടുണ്ട്. |
| ബി) | ട്രൈബൽ ഡയറക്ടറേറ്റ് നടപ്പിലാക്കിയ 'ജനനി ജന്മരക്ഷ' പദ്ധതി പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് ആദിവാസികൾക്ക് ലഭ്യമാക്കി വരുന്നതെന്ന് വിശദമാക്കുമോ; | ബി) | എ.പി.എൽ/ബി.പി.എൽ ഭേദമെന്യേ കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ഗർഭിണികളായ എല്ലാ സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യ സംരക്ഷണത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് രൂപീകരിച്ച ജനനി ജന്മരക്ഷാ പദ്ധതിയിലൂടെ ടി വിഭാഗക്കാർക്ക് സമ്പൂർണ്ണ പോഷകാഹാരം ഉറപ്പാക്കുകയാണ് വകുപ്പ് ലക്ഷ്യമിടുന്നത്. നവജാത ശിശു മരണം പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുന്നതിനും മെച്ചപ്പെട്ട ആരോഗ്യ സ്ഥിതിയിലുള്ള ശിശുക്കൾ പിറവിയെടുക്കുന്നതിനും ഇവരെ പരിപാലിക്കുന്ന അമ്മമാർക്ക് സമ്പൂർണ്ണ ആരോഗ്യം ഉറപ്പാക്കുന്നതിനും ഇതിലൂടെ ലക്ഷ്യമിടുന്നു.<br><br>ഗർഭസ്ഥ ശിശുവിന്റെ 3-ാം മാസം മുതൽ കുട്ടിയ്ക്ക് ഒരു വയസ്സ് ആകുന്നതുവരെയുള്ള കാലയളവ് (18 മാസം) പ്രതിമാസം 2000/- രൂപ നിരക്കിൽ ഗുണഭോക്താക്കൾക്ക് തുക നേരിട്ട് ലഭ്യമാക്കുന്നു. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും മികച്ച രീതിയിലുള്ള പോഷകാഹാരം ലഭ്യമാക്കുക എന്നതിലൂടെ ആരോഗ്യമുള്ള കുഞ്ഞുങ്ങളെ പ്രസവിച്ച് സംരക്ഷിക്കുന്നതിന് സാധ്യമാകുന്നു. ഗുണഭോക്താക്കൾക്ക് ആവശ്യമായ പോഷകാഹാരം അവരുടെ ഇഷ്ടാനുസരണം വാങ്ങി ഭക്ഷിക്കുന്നതിനാണ് ടി തുക ചെലവഴിക്കുന്നത്. |
| സി) | ഈ പദ്ധതി നടത്തിപ്പിലെ സാമ്പത്തിക തിരിമറിയുമായി ബന്ധപ്പെട്ട അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ; | സി) | പ്രസ്തുത പദ്ധതി നടത്തിപ്പിലെ സാമ്പത്തിക തിരിമറിയുമായി ബന്ധപ്പെട്ട് വിജിലൻസ് വകുപ്പ് അന്വേഷണം നടത്തിവരുന്നു. |
| ഡി) | കുറ്റക്കാർക്കെതിരെ ഏതെങ്കിലും തരത്തിലുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | ഡി) | 2013-14, 2014-15 എന്നീ വർഷങ്ങളിലെ ജനനി ജന്മ രക്ഷാ പദ്ധതി നടത്തിപ്പിൽ ധനകാര്യ വകുപ്പ് ക്രമക്കേട് കണ്ടെത്തുകയും ഉത്തരവാദിയായ അന്നത്തെ അസിസ്റ്റന്റ് ഡയറക്ടർ (വിദ്യാഭ്യാസം) ശ്രീ. ബി. പ്രേമാനന്ദനെ സസ്പെന്റ് ചെയ്യുകയും ചെയ്തിരുന്നു. സസ്പെൻഷൻ കാലയളവിൽ ടിയാൻ വിരമിച്ചിട്ടുണ്ടെങ്കിലും പെൻഷൻ ആനുകൂല്യങ്ങൾ നൽകിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**